(ബി) നടപ്പ് സർക്കാരിന്റെ കാലയളവിൽ നിരക്കുകളിൽ വർദ്ധനവ് വരുത്തുകയുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിൻപ്രകാരം ഏർപ്പെടുത്തിയ വർദ്ധനവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഭൂനികുതി നിരക്കുകൾ താഴെക്കൊടുക്കുന്നു.

1. പഞ്ചായത്ത് പരിധിയിൽ.

20 ആർ വരെയുള്ള ഭൂമിക്ക് വർഷത്തിൽ ഒരാറിന് 50 പൈസ വീതം; 20 ആറിൽ കൂടുതലുള്ള ഭൂമിക്ക് വർഷത്തിൽ ഒരാറിന് ഒരു രൂപ വീതം.

2. ടൗൺ പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിൽ പരിധിയിൽ

6 ആർ വരെയുള്ള ഭൂമിക്ക് വർഷത്തിൽ ഒരാറിന് 1 രൂപ വീതവും 6 ആറിൽ കൂടുതലുള്ള ഭൂമിക്ക് ഒരാറിന് 2 രൂപ വീതവും.

3. കോർപ്പറേഷൻ പരിധിയിൽ

2 ആർ വരെയുള്ള ഭൂമിക്ക് വർഷത്തിൽ ഒരാറിന് 2 രൂപ വീതവും 2 ആറിൽ കൂടുതലുള്ള ഭൂമിക്ക് വർഷത്തിൽ ഒരാറിന് 4 രൂപ വീതവും.

(ബി) ഇല്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കാലവർഷക്കെടുതിയിൽ ബുദ്ധിമുട്ടുന്നവർക്ക് സഹായം

2 (1941) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിയിൽ വിവിധ രംഗങ്ങളിൽ ബുദ്ധിമുട്ടുകളും വിഷമതകളും അനുഭവിക്കുന്നവർക്ക് എന്തെല്ലാം സഹായമാണ് റവന്യൂവകുപ്പ് അനുവദിക്കുന്നത് ;

(ബി) കടലാക്രമണത്തിന്റെ ഫലമായി കടൽഭിത്തി തകർന്ന് വീടുകൾ വീഴുന്ന ഘട്ടത്തിൽ അടിയന്തിര നടപടി എന്ന നിലയ്ക്ക് എന്തെല്ലാം സഹായങ്ങൾ നല്കുന്നുണ്ട് ;

(സി) മത്സ്യത്തൊഴിലാളികൾക്ക് ജോലിക്ക് പോകുവാൻ സാധിക്കാത്ത അവസരത്തിൽ സൗജന്യറേഷൻ അനുവദിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എം.എസ്.) നം. 65/02/ആർ.ഡി. തീയതി 2-4-2002 പ്രകാരം കാലവർഷക്കെടുതിയിൽ വീടും സ്ഥലവും പൂർണ്ണമായി ഒലിച്ചുപോയവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

25,000 രൂപയും വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 15,000 രൂപയും ഭാഗികമായി നഷ്ടം സംഭവിച്ചവർക്ക് 5,000 രൂപയും നഷ്ടപരിഹാരമായി നല്കുന്നു. മരണമടയുന്ന പ്രായപൂർത്തിയായവരുടെ ആശ്രിതർക്ക് 50,000 രൂപയും പ്രായപൂർത്തിയാകാത്തവരുടെ ബന്ധുക്കൾക്ക് 15,000 രൂപയും ധനസഹായമായി നല്കുന്നു. കാലവർഷക്കെടുതിമൂലം 40 ശതമാനത്തിനുമേൽ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 25,000 രൂപ ധനസഹായമായി നല്കിവരുന്നു. മൃഗസംരക്ഷണ മേഖലയിലെ നഷ്ടങ്ങൾക്ക് മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള ധനസഹായവും കൃഷി നാശം നേരിട്ടവർക്ക് അനുവദനീയമായ നഷ്ടപരിഹാരവും നല്കുന്നുണ്ട്.

(ബി) കടലാക്രമണത്തിനിരയായ കുടുംബങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി പാർപ്പിക്കുകയും അവർക്കാവശ്യമായ വസ്ത്രം, ആഹാരം, മരുന്നുകൾ എന്നിവ വിതരണം ചെയ്യുകയും അതോടൊപ്പം കടലാക്രമണം തടയുന്നതിനാവശ്യമായ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. വീട് നഷ്ടപ്പെട്ടവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും വീട് പുനർനിർമ്മിക്കുന്നതിന് ധനസഹായം വിതരണം ചെയ്യുന്നതാണ്.

(സി) കാലവർഷക്കെടുതിയാൽ ജോലിക്ക് പോകുവാൻ സാധിക്കാത്തവർക്ക് സൗജന്യ റേഷൻ അനുവദിക്കാറുണ്ട്.

ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ വില്ലേജുകളിലെ കാലവർഷക്കെടുതികൾ

3 (1942) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി 2001-02 വർഷങ്ങളിൽ കാലവർഷക്കെടുതിയിൽ എത്ര വീടുകൾ പൂർണ്ണമായി തകർന്നു ; എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) വില്ലേജ് അധികാരികൾ കണക്കാക്കിയ നാശനഷ്ടക്കണക്കനുസരിച്ച് എത്ര ആളുകൾക്ക് നഷ്ടപരിഹാര തുക നല്കി ;

(സി) പ്രസ്തുത ആളുകൾക്ക് ഗഡുക്കളായാണോ തുക അനുവദിച്ചത് ; എങ്കിൽ എത്ര ഗഡുക്കൾ നല്കി ; എത്ര ഗഡുക്കൾ നല്കാനുണ്ട് ;

(ഡി) ഇനിയും നഷ്ടപരിഹാര തുക നല്കുവാനുണ്ടോ ; എങ്കിൽ സീനിയോറിറ്റി അനുസരിച്ചുള്ള ലിസ്റ്റും നല്കിയ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2001 - 133 - 17,40,000 രൂപ

2002 - 11 - 1,22,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly